DESPATCHED On..26.2.2020

7/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1657*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12640**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ഷാജി റ്റി.യു.,
വിപജിക ഹൗസ്,
യൂണിയൻ ക്ലബ്ബ് റോഡ് പി.ഒ.,
കോട്ടയം.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്,
ഫയർ & റസ്ക്യൂ സർവ്വീസ്സസ്,
ഹോംഗാർഡ്സ് & സിവിൽ ഡിഫൻസ് ആസ്ഥാനം,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ഡയറക്ടർ(ഭരണം), ഫയർ & റസ്ക്യൂ സർവ്വീസ്സസ്,
ഹോംഗാർഡ്സ് & സിവിൽ ഡിഫൻസ് ആസ്ഥാനം,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 26.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.04.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 24.05.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21.06.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 24.07.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 26.07.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.10.2019 കമ്മീഷൻ അസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു. |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ഷാജി റ്റി.യു., 24.07.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 26.07.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1657(2)/19/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പിലിനും തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 26.03.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, ഫയർ കോളിന് പോയി തിരിച്ച് വരുമ്പോൾ ലോഗ് ബുക്കിൽ കോളിന്റെ നമ്പർ എഴുതുമ്പോൾ ആ കൂട്ടത്തിൽത്തന്നെ ടി വാഹനത്തിൽ വന്ന ജീവനക്കാരുടെ റാങ്ക് നമ്പർ രേഖപ്പെടുത്തുന്നത് ശരിയാണോ തെറ്റാണോയെന്നും ഇതിൽ ഏതാണ് FDCPO മാർ ചെയ്യേണ്ടതെന്നും ഇങ്ങനെ കോളിന് പോകുന്ന വാഹനത്തിന്റെ ലോഗ് ബുക്കിൽ ടി ജീവനക്കാരുടെ റാങ്ക് നമ്പർ രേഖപ്പെടുത്താൻ സർക്കാർ ഓഡർ , ഡിപ്പാർട്ട്മെന്റ് ഓർഡർ എന്നിവ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും തുടങ്ങി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 20.04.2019ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ ആക്ഷേപമുന്നയിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന് 21.06.2019ൽ നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3, 4, 5, 6, 7, 8, 10 എന്നീ ഇനങ്ങൾക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി വിവരാവകാശ നിയമം അനുശാസിക്കും വിധം തൃപ്തികരമാണെന്നു കാണുന്നുവെന്നും 9–ാം നമ്പർ ചോദ്യത്തിൽ അവ്യക്തതയുണ്ടെന്നും ഏത് വാഹനത്തിന്റെ ഫ്യൂവൽ ടെസ്റ്റ് എന്നത് സംബന്ധിച്ച് വ്യക്തമാക്കണമെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 26.10.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നു ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 9–ാം ഇനത്തിന്റെ മറുപടി തൃപ്തികരമല്ലെന്നും

ഘടകവിരുദ്ധമായ മറുപടിയാണ് നൽകിയതെന്നുമാണ് ടിയാന്റെ ആക്ഷേപമെന്നും ആയതിന് ഏത് വാഹനത്തിന്റെ ഫ്യൂവൽ ടെസ്റ്റ് സംബന്ധിച്ച വിവരമാണ് ടിയാന് ആവശ്യമെന്ന് വ്യക്തമാക്കുന്നതിന് 21.06.2019ലെ കത്തുപ്രകാരം ഹർജിക്കാരന് മറുപടി നൽകിയിരുന്നുവെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലും ടി അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 07–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM